"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചാലിശ്ശേരി എസ്സ്സി.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. പ്രബിത ഒ.എസ്സ്. ഫയൽ ചെയ്ത W.P.(C) No. 15056/2022-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 29/04/2022-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1227/2023/GEDN തീയതി, തിരുവനന്തപുരം, 10-02-2023

---

പരാമർശം:-

1. പാലക്കാട് ചാലിശ്ശേരി എസ്സ്.സി.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. പ്രബിത ഒ.എസ്സ്. സർക്കാരിൽ സമർപ്പിച്ച 18/03/2022 തീയതിയിലെ പുന:പരിശോധനാ ഹർജികൾ(Ext.P22 & P23).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C)No. 15056/2022-മേലുള്ള 29/04/2022-ലെ വിധിന്യായം.
3. കുന്നംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/07/2022 തീയതിയിലെ ബി/1302/2022 നമ്പർ കത്ത്.
4. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/07/2022 തീയതിയിലെ ഡി/1683/2022 നമ്പർ കത്ത്.
5. ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOCKD/10993/2022-B1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ചാലിശ്ശേരി എസ്സ്സി.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. പ്രബിത ഒ.എസ്സ്. ഫയൽ ചെയ്ത W.P.(C) No. 15056/2022-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം (1) (Ext.P22 & P23) പുന:പരിശോധനാ ഹർജി ഹർജിക്കാരിയെ കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവായി. അപ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ടവരെയും 04/08/2022 ൽ ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

**2. ഹർജിക്കാരിയായ ശ്രീമതി പ്രബിത ഒ.എസ്. ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.**

"തൃശ്ശൂർ ജില്ലയിലെ പോർക്കുളം എം.കെ.എം യു.പി.സ്കൂൾ, കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി, എം.ഐ.എസ്.സി എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അധീനതയിലുള്ള കുന്നംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. ശ്രീമതി പ്രബിത ഒ.എ**സ്.**നെ 01.06.2016 മുതൽ പ്രധാനാദ്ധ്യാപകൻ ആയിരുന്ന ഫാദർ വർഗ്ഗീസ് കുത്തൂർ വിരമിച്ച ഒഴിവിൽ നിയമിക്കുകയും ശ്രീമതി. ഷീല പി.എസ്.ന് പ്രധാന അദ്ധ്യാപികയായി സ്ഥാനക്കയറ്റം

നൽകുകയും ചെയ്തു. സീനിയർ നിയമനാർത്ഥികൾക്ക് അംഗീകാരം ലഭിച്ചില്ലായെന്നും കെ-ടെറ്റ് യോഗ്യതയില്ലായെന്നും ഉള്ള കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിരസിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശരിവെയ്ക്കുകയും ചെയ്തു. ആയത് ചോദ്യം ചെയ്ത് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റിവിഷൻ സമർപ്പിച്ചു. ആയതിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടു. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഹിയറിംഗ് നടത്തി. ആയതിൽ അസാധാരണമായ കാലതാമസം നേരിട്ടതിനാൽ ഗവൺമെന്റിൽ റിവിഷൻ സമർപ്പിച്ചു.

ശ്രീമതി.പ്രബിതയുടെ നിയമനാംഗീകാരം നിരസിച്ചതിനുള്ള കാരണങ്ങൾ നിലനിൽക്കത്തക്കതല്ല. ശ്രീമതി.പ്രബിതയെ നിയമിച്ച അവസരത്തിൽ കെ.ടെറ്റ് യോഗ്യത നേടുന്നതിൽ ഇളവ് ഉണ്ടായിരുന്നു. പിന്നീട്, ഇളവ് ലഭ്യമായ കാലത്ത് തന്നെ കെ.ടെറ്റ് യോഗ്യത നേടി. പ്രൊമോഷൻ നൽകിയ അധ്യാപികയുടെ പ്രൊമോഷൻ അംഗീകരിച്ച് വന്നതിനാൽ വേക്കൻസി ലഭ്യമാണ്. യു.പി.എസ്.എ. കാറ്റഗറിയിൽ യാതൊരു സീനിയർ അദ്ധ്യാപികയും നിയമന അംഗീകാരം ലഭിക്കാതെ നിലവിലില്ല. കൂടാതെ, വ്യത്യസ്ത കാറ്റഗറിയിൽ നിയമനം ലഭിച്ച മറ്റ് അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ച് കൊടുത്തിട്ടുള്ളതാണ്. വ്യത്യസ്ത തസ്തികയിൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ ഉണ്ട് എന്നത് ഒരു തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് തടസ്സമല്ല എന്ന് സർക്കാർ സ.ഉ.(സാധാ)നം.684/2018/പൊ.വി.വ തീയതി 14.02.2018-ൽ വ്യക്തമാക്കിയിട്ടുണ്ട്.

2016-17-ലെ തസ്തിക നിർണ്ണയ ഉത്തരവ് അനുസരിച്ച് എൽ.പി. വിഭാഗത്തിൽ 8 ഡിവിഷനും യു.പി.വിഭാഗത്തിൽ 6 ഡിവിഷനും അനുവദിച്ചിട്ടുള്ളതാണ്. 1.06.2016-ൽ ശ്രീമതി.ഷീല.പി.എസ്.നെ (എൽ.പി.എസ്.എ.) പ്രധാന അദ്ധ്യാപികയായി പ്രൊമോട്ട് ചെയ്തതിനാൽ തസ്തികയുടെ എണ്ണത്തിൽ കുറവ് വരുത്തേണ്ടത് എൽ.പി.എസ്.എ. വിഭാഗത്തിൽ നിന്നാണ്. പക്ഷേ 2016-2017-ലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിൽ 5 യു.പി.എസ്.എ. തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2016-17-ലെ തസ്തിക നിർണ്ണയ ഉത്തരവ് അനുസരിച്ച് 1 പ്രധാനദ്ധ്യാപിക, 7 എൽ.പി.എസ്.എ, 6 യു.പി.എസ്.എ എന്നീ തസ്തികകളാണ് അനുവദിക്കേണ്ടത്.

ഒരു അസിസ്റ്റന്റ് അദ്ധ്യാപകനെ പ്രധാനാദ്ധ്യാപകനായി പ്രൊമോട്ട് ചെയ്യുന്ന സമയം അവർ ഏത് കാറ്റഗറിയിൽ (എൽ.പി.എസ്.എ/ യു.പി.എസ്.എ) ജോലി ചെയ്തിരുന്നത് ആ കാറ്റഗറിയിലെ ക്ലാസ്സ് ചാർജ്ജ് കൈകാര്യം ചെയ്യേണ്ടത് അവർ തന്നെയാണ്. 31.05.2016-ൽ ഫാദർ വർഗ്ഗീസ് കുത്തൂർ പ്രധാന അദ്ധ്യാപക തസ്തികയിൽ നിന്നും വിരമിച്ചു. ശ്രീമതി.ഷീല പി.എസ്. (എൽ.പി.എസ്.എ)നെ എച്ച്.എം ആയി 01.06.2016 മുതൽ നിയമിച്ചു. ഈ സാഹചര്യത്തിൽ എൽ.പി.എസ്.എ. കാറ്റഗറിയിലെ അസിസ്റ്റന്റ് അദ്ധ്യാപകരുടെ എണ്ണത്തിലാണ് കുറവ് വരുത്തേണ്ടത്.

എൽ.പി.,യു.പി. അദ്ധ്യാപകരെ മാറ്റി നിയമിക്കാൻ പാടില്ലായെന്ന് ബഹു.ഹൈക്കോടതി ഫുൾ ബെഞ്ചിന്റെ ത്രേസ്യ വി.പ്രീതി 2014(4) കെ.എൽ.റ്റി 837 വിധിയിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, എൽ.പി.എസ്.റ്റി. ആയ ഒരു അദ്ധ്യാപിക പ്രധാനദ്ധ്യാപിക ആയാൽ മേൽ അദ്ധ്യാപിക എൽ.പി.എസ്.റ്റി. ക്ലാസ്സിൽ തന്നെ തുടരേണ്ടതും, സ്കൂളിന്റെ തസ്തികയിൽ എണ്ണം കുറയേണ്ടത് എൽ.പി.എസ്.റ്റി. തസ്തികയിൽ

നിന്നുമാണെന്നും യു.പി ഡിവിഷന്റെ എണ്ണത്തിന് സമാനമായി യു.പി തസ്തിക അനുവദിക്കണമെന്നും ബഹു.ഹൈക്കോടതിയുടെ റ്റി.എ ഷെരീഫ് ആന്റ് അനദർ വി.സ്റ്റേറ്റ് ഓഫ് കേരള ആന്റ് അതേഴ്സ് (ഒ.പി) നമ്പർ 8827/2001 എന്ന കേസ്സിലെ വിധിന്യായത്തിലും മേൽ വിധിന്യായം ശരി വച്ച് ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ റിട്ട് അപ്പീൽ നമ്പർ 1783/2009 എന്നതിലെ വിധിന്യായത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ എൽ.പി വിഭാഗത്തിലെ അദ്ധ്യാപകർക്ക് എച്ച്.എം. തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്ന വേളയിൽ യു.പി. ഡിവിഷന്റെ സമാനമായി യു.പി. തസ്തികകൾ അനുവദിക്കണമെന്ന സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്.

2016-17 തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു എച്ച്.എം, എട്ട് എൽ.പി.എസ്.എ, അഞ്ച് യു.പി.എസ്.എ എന്നീ തസ്തികകളാണ് അനുവദിച്ച് തന്നത്. എൽ.പി,.യു.പി വിഭാഗം ഒരുമിച്ച് പരിഗണിക്കുമ്പോൾ മൊത്തം പതിമൂന്ന് തസ്തികകളാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഒരു എച്ച്.എം, ഏഴ് എൽ.പി.എസ്.എ, ആറ് യു.പി.എസ്.എ എന്നീ തസ്തികകളാണ് അനുവദിക്കേണ്ടിയിരുന്നത്. തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിക്കുന്ന സാഹചര്യത്തിൽ എൽ.പി.യിൽ ഒരു തസ്തിക കുറയുകയും യു.പി.യിൽ ഒരു തസ്തിക വർദ്ധിക്കുമെങ്കിലും എൽ.പി.,യു.പി വിഭാഗം ഒരുമിച്ച് എടുക്കുമ്പോൾ യു.പി.യിലെ അധിക ഡിവിഷൻ അധിക തസ്തികയായി വിലയിരുത്തുവാൻ പാടുള്ളതല്ലെന്ന് ജി.ഒ.(സാധാ) നമ്പർ 827/2020/പൊ.വിവ തീയതി 17.02.2020-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത് സംബന്ധമായി എൽ.പി തസ്തികയിൽ നിന്നും ഒരാൾക്ക് എച്ച്.എം ആയി സ്ഥാനക്കയറ്റം നൽകിയാൽ എൽ.പി ഡിവിഷനിലെ ഒരു തസ്തിക കുറച്ച് എൽ.പി.എസ്.എ അനുവദിക്കണമെന്നും യു.പി ഡിവിഷന് സമാനമായി യു.പി.എസ്.എ തസ്തിക അനുവദിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നം. ആർഎ(1) 6957/2020/ഡിജി.ഇ/ഡി.ഡിസ് തീയതി 29.09.2020-ൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകൾക്ക് വിരുദ്ധമായാണ് 2016-2017-ലെ തസ്തിക നിർണ്ണയ ഉത്തരവ് ഇറക്കിയത്. മേൽ തസ്തിക നിർണ്ണയ ഉത്തരവ് ചോദ്യം ചെയ്ത് ശ്രീമതി.പ്രബിത ഒ.എസ്. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിച്ചുവെങ്കിലും ആയത് നാളിതു വരെ യാതൊരു തീരുമാനവും എടുത്തിട്ടില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ പെറ്റീഷനെതിരെയാണ് സർക്കാരിൽ റിവിഷൻ സമർപ്പിച്ചിട്ടുള്ളതും ഹിയറിംഗ് വിളിച്ചിട്ടുള്ളതും. 2016-17 അദ്ധ്യയന വർഷം 6 യു.പി.എസ്.എ തസ്തിക അനുവദിച്ച് ശ്രീമതി.പ്രബിത ഒ.എസ്.ന് യു.പി.എസ്.എ. ആയുള്ള നിയമനം അംഗീകരിച്ച് നൽകണമെന്നു അപേക്ഷിക്കുന്നു.

സീനിയർ നിയമനാർത്ഥികളുടെ നിയമനാംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ നിയമനാംഗീകാരം ലഭിക്കാത്ത സീനിയർ നിയമനാർത്ഥികൾ (യു.പി.എസ്.എ & എൽ.പി.എസ്.എ) ആരും തന്നെ നിലവിലില്ല. നിയമനാർത്ഥികളിൽ ഏറ്റവും ജൂനിയറായ എൽ.പി.എസ്.എ ശ്രീമതി.ലിജ കെ.ജെ. ആണ്. ശ്രീമതി പ്രബിത ഒ.എസ്.നേക്കാൾ പ്രായകുറവും ഒരേ തീയതിയിൽ നിയമനം ലഭിച്ചവരുമാണ്. ആകയാൽ ശ്രീമതി. ലിജ കെ.ജെ. എല്ലാ അർത്ഥത്തിലും ശ്രീമതി.പ്രബിത ഒ.എസ്.നേക്കാൾ ജൂനിയറാണ്.

2016-17 തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിച്ച് അനുവദനീയമായ 6ാമത്തെ യു.പി.എസ്എ തസ്തിക അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ മുമ്പാകെ റിവിഷൻ സമർപ്പിച്ചിട്ടുള്ളതും ആയത് പരിഗണിക്കാത്തതിനാൽ സർക്കാർ മുമ്പാകെ മേൽ കാര്യം

ആവശ്യപ്പെട്ട് റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതിനിടെ മാനേജർ ശ്രീമതി.പ്രബിത ഒ.എസ്.നെ ചാലിശ്ശേരി എസ് സി യു പി സ്കൂളിൽ നിന്ന് 31.05.2019-ന് റിട്ടയർ ചെയ്ത യു.പി.എസ്.എ ശ്രീമതി സോഫിയ കെ.കെ.യുടെ ഒഴിവിൽ 06.06.2019 മുതൽ യു.പി.എസ്.എ ആയി നിയമനം നൽകി ക്രമീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു അനാദായകരമായ സ്കൂളിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുള്ളതിനാൽ ടിയാരിയുടെ നിയമനം അംഗീകരിക്കുവാൻ സാധ്യമല്ലാത്തതാണ്. ശ്രീമതി.ഷീല പി.എസ്. എന്നവരുടെ സ്ഥാനക്കയറ്റ ഒഴിവിലേക്ക് ശ്രീമതി.ലിജ കെ.എസ്. എന്നവരെ എൽ.പി.എസ്.എ ആയി മാറ്റിയിട്ടുള്ളതാണ്. എന്നാൽ മേൽ ഹാജരാക്കിയ കോടതി വിധികളുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി.ഷീല പി.എസ്.ന് പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിലും ടിയാരി എൽ.പി.എസ്.എ. ആയി മാറിയിട്ടുള്ളതാണ്. ആയതിനാൽ ശ്രീമതി.ലിജ കെ.എസ്. എന്നവരെ പോർക്കുളം എം.കെ.എം.യു.പി സ്കൂളിൽ നിയമിക്കുവാൻ യാതൊരു തസ്തികയും ഇല്ലാത്തതാണ്. മേൽ ഉത്തരവ് ചോദ്യം ചെയ്തും സർക്കാർ മുമ്പാകെ റിവിഷൻ സമർപ്പിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളുടെയും കോടതി വിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 2016-17 തസ്തിക നിർണ്ണയ ഉത്തരവ് പുന:ക്രമീകരിച്ച് 6-മത്തെ യു.പി.എസ്.എ തസ്തിക ലഭ്യമാക്കി ശ്രീമതി.പ്രബിത ഒ എസ്.ന്റെ 01.06.2016 മുതലുള്ള നിയമനം അംഗീകരിച്ച് നൽകുവാൻ ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

**3. സ്കൂൾ മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.**

"കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ താഴെ പറയുന്ന മൂന്ന് പ്രൈമറി സ്കൂളുകളും, ഒരു ഹൈസ്കൂളും ഒരു ഹയർ സെക്കണ്ടറി സ്കൂളും നിലവിലുണ്ട്.

1. എസ് സി യു പി സ്കൂൾ, ചാലിശ്ശേരി
2. എം കെ എം യു പി സ്കൂൾ, പോർക്കുളം
3. സി എം യു പി സ്കൂൾ, തൊഴിയൂർ
4. സെന്റ് ജോർജ്ജ്സ് ഹൈസ്കൂൾ, തൊഴിയൂർ
5. സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ, തൊഴിയൂർ

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ നിയന്ത്രണത്തിലുള്ള പോർക്കുളം എം.കെ.എം.യു.പി സ്കൂളിൽ 01.06.15 മുതൽ നിയമനം നൽകിയിരുന്ന രണ്ട് പ്രൈമറി അദ്ധ്യാപികമാരായ ശ്രീമതി.മേഘ്ന കെ.വി. എൽ.പി.എസ്.ടി.യുടെയും, ശ്രീമതി.പ്രീതി എം.ചെറിയാൻ യു.പി.എസ്.ടി.യുടെയും നിയമനം സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി മുമ്പാകെ രണ്ട് റിട്ട് പെറ്റീഷനുകൾ ഡബ്ളിയു.പി.(സി) നം.13047/2021, ഡബ്ളിയു.പി.(സി) നം.12889/2021 എന്നിവ നിലനിന്നിരുന്നു. ഈ രണ്ട് റിട്ട് ഹർജികളും ബഹു.കോടതിയുടെ ഉത്തരവുണ്ടായിട്ടുള്ളത് 12.07.2022-ലാണ്. ബഹു.ഹൈക്കോടതി മുൻപാകെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ പ്രൈമറി അദ്ധ്യാപക നിയമനങ്ങൾ 05.03.2022-ലെ സി.ടി.54/2021/നമ്പർ ഉത്തരവുപ്രകാരം ക്രമീകരിച്ചിരുന്നു. ഈ ഉത്തരവിനെ വീണ്ടും പൊതുവിദ്യഭ്യാസ ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് ഭേദഗതി വരുത്തുകയും ശ്രീമതി.മേഘ്നയുടെയും ശ്രീമതി പ്രീതി എം. ചെറിയാന്റെയും നിയമനങ്ങൾ ക്രമീകരിക്കുകയും ഉണ്ടായി.

കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 51 (എ) അനുസരിച്ച് നിയമനത്തിന് മുൻഗണനാവകാശം സിദ്ധിച്ചിരുന്ന ശ്രീമതി.മേഘ്ന കെ.വി.യെ എൽ.പി.എസ്.ടി. ആയി 01.06.2015 മുതലും, ശ്രീമതി.പ്രീതി.എം.ചെറിയാൻ എന്ന അദ്ധ്യാപികയെ ആദ്യം 01.06.2017 മുതലും പിന്നീട് മുൻകാലപ്രാബല്യത്തോടെ 01.06.2015-നും നിയമനക്രമീകരണം നൽകുകയും ചെയ്തു. ചാലിശ്ശേരി എസ്.സി.യു.പി സ്കൂളിൽ ശ്രീമതി.പ്രബിതയുടെ സീനിയറായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും നിയമനാംഗീകാരമില്ലാതെ തുടരുന്നതുമായ ശ്രീമതി. കുക്കു സി.രാജന് 01.06.2017 മുതലും ശ്രീമതി.പ്രബിത ഒ.എസ്.ന് 06.06.2019 മുതലും പുനർനിയമനം നൽകി ക്രമീകരിക്കുകയും ചെയ്തു.

ശ്രീമതി.പ്രബിത.ഒ.എസ് ബി.എഡ് യോഗ്യതയുള്ള അദ്ധ്യാപികയാണ്. അതിനാൽ യു.പി.എസ്.ടി. തസ്തികയിൽ മാത്രമേ നിയമനം നൽകാനാവൂ. ശ്രീമതി.ഷീല.പി.എസ്., എൽ.പി.എസ്.ടി.ക്ക് പ്രധാന അദ്ധ്യാപികയായി ഉദ്യോഗകയറ്റം ലഭിച്ച ഒഴിവിൽ നിയമനം നൽകുന്നതിന് ടിയാരിക്ക് അർഹതയില്ല. അതിനാൽ 06.06.2019 മുതൽ ചാലിശ്ശേരി എസ്.സി.യു.പി സ്കൂളിൽ ശ്രീമതി.കെ.കെ.സോഫി യു.പി.എസ്.ടി റിട്ടയർ ചെയ്ത ഒഴിവിൽ നിയമനം നൽകുകയും ഉണ്ടായി.

26.07.2022-ലെ തൃത്താല ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഡി 26248/2022/കെ ഡിസ് നം ഉത്തരവു പ്രകാരം ഈ നിയമനം നിരസിച്ചതായി 01.08.2022-ന് ഉത്തരവ് ലഭിച്ചു.

പ്രസ്തുത ഉത്തരവിൽ ശ്രീമതി.പ്രബിത ഒ.എസ്.ന്റെ നിയമനം അംഗീകരിക്കുന്നത് ബഹു.കേരള ഹൈക്കോടതിയുടെ അവസാന ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി മാത്രമെ കഴിയുകയുള്ളു എന്ന തടസ്സവാദത്തിന് ഇപ്പോൾ പ്രസക്തി ഇല്ല. കൂടാതെ 01/06/2015 തീയതിയിൽ നിയമനം നൽകിയിട്ടുള്ള ശ്രീമതി.കെ.വി.മേഘ്നയുടെയും, ശ്രീമതി.പ്രീതി എം.ചെറിയാന്റെയും നിയമനം സംബന്ധിച്ച് 12.07.2022-ൽ തന്നെ അന്തിമവിധി ആയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിൽ സമയബന്ധിതമായി നിയമനാംഗീകാരം നൽകുന്നതിന് ബാധ്യതയുള്ളതാണ്. ശ്രീമതി.കുക്കു സി.രാജൻ, ശ്രീമതി.ലിജ സി.ജെ. എന്നിവരുടെ നിയമനം എൽ.പി.എസ്.ടി. തസ്തികകളിലാണ്. അതുകൊണ്ട് ശ്രീമതി പ്രബിതയുടെ യു.പി.എസ്.ടി നിയമനം എൽ.പി.എസ്.ടി നിയമനവുമായി ബന്ധപ്പെടുത്താവുന്നതല്ല.

01.06.2007 മുതലുള്ള നിയമനം സംബന്ധിച്ച് ശ്രീമതി.സരി ആന്റണി എന്ന അദ്ധ്യാപിക ഉന്നയിച്ചിട്ടുള്ള അവകാശവാദം നിലവിൽ നിയമനാംഗീകാരത്തോടെ ജോലി ചെയ്യുന്ന ടിയാരിയുടെ മുൻകാല സർവ്വീസ് പരിഗണിക്കണം എന്നതുമാത്രമാണ്. ആ വിഷയം ശ്രീമതി.പ്രബിത ഒ.എസ്.ന്റെ നിയമനവുമായി ബന്ധമുള്ളതോ, ബന്ധപ്പെടുത്താവുന്നതോ ആയ ഒരു കാരണമല്ല.

മുകളിൽ വിവരിച്ചിരിക്കുന്ന വസ്തുതകളും രേഖകളും പരിഗണിച്ച് ശ്രീമതി.പ്രബിത ഒ.എസ്. സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പ് കൽപ്പിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു. "

**4. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്.**

ശ്രീമതി.പ്രബിത ഒ.എസ്-നെ 1/6/2016 മുതൽക്ക് യു.പി.എസ്.ടി ആയി പോർക്കുളം എം.കെ.എം.യു.പി സ്കൂളിൽ നിയമിച്ചു. എന്നാൽ ടി സ്കൂൾ കുന്നംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലാണ് വരുന്നത്. പോർക്കുളം എം.കെ.എം.യു.പി. സ്കൂളിൽ

നിയമനാംഗീകാരം ഇല്ലാതെ തുടരുന്ന 51 എ അവകാശിയായ ശ്രീമതി.കെ.വി.മേഘ്ന, ടിയാരിയുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) 1909/2020-ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 23/01/2020-ലെ വിധിന്യായം നടപ്പിലാക്കി 02/06/2021-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (സ.ഉ.(സാധാ)നം.2914/2021.പൊ.വി.വ). കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ഒഴിവ് വന്ന ആദ്യത്തെ എൽ.പി.എസ്.ടി തസ്തികയിലേയ്ക്ക് 51 എ അവകാശിയായ ശ്രീമതി.കെ.വി.മേഘ്നയെ ക്രമീകരിക്കുവാനും അതിന് ശേഷം മറ്റ നിയമനങ്ങൾ മാനേജർ ചട്ടപ്രകാരം ക്രമീകരിക്കുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കാനും തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് 02/06/2021-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

02/06/2021-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.പ്രബിത ഒ.എസ്-നെ ചാലിശ്ശേരി എസ്.സി.യു.പി സ്കൂളിൽ 06/06/2019 മുതൽക്ക് യു.പി.എസ്.ടി ആയിരുന്ന ശ്രീമതി.കെ.സോഫി 31/05/2019-ന് വിരമിച്ച ഒഴിവിലേയ്ക്കാണ് യു പി എസ് ടി ആയി മാനേജർ നിയമിച്ചിരിക്കുന്നത്. പ്രസ്തുത നിയമനം 25/06/2022-ന് ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു.

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ 51 എ അവകാശികളായ സീനിയർ അദ്ധ്യാപകരുടെ നിയമനം ഇത് വരെ അംഗീകരിച്ചിട്ടില്ല എന്ന കാരണത്താലാണ് ശ്രീമതി.പ്രബിത ഒ.എസ്-ന്റെ നിയമനം നിരസിച്ചത്. സീനിയർ അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചതിന് ശേഷമേ ശ്രീമതി. പ്രബിത ഒ.എസ്.ന്റെ 06-06-2019 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം പരിഗണിയ്ക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിക്കുന്നു.

**5. കുന്നംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:**

പോർക്കുളം എം.കെ.എം യു.പി.സ്കൂൾ പ്രധാനാദ്ധ്യാപകൻ ആയിരുന്ന ഫാദർ വർഗ്ഗീസ് കുത്തൂർ **31/05/2016** ന് വിരമിച്ച ഒഴിവിൽ ശ്രീമതി.ഷീല.പി.എസ് നെ (യു.പി.എസ്.ടി) **01/06/2016** മുതൽ പ്രധാന അധ്യാപികയായി കോർപ്പറേറ്റ് മാനേജർ നിയമിക്കുകയും ടി ഒഴിവിൽ (യു.പി.എസ്.ടി) ശ്രീമതി.പ്രബിത ഒ.എസിനെ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി നിയമനം സീനിയർ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഈ കാര്യാലയത്തിലെ **31/08/16**ലെ ബി - **1845/2016** നം ഉത്തരവ് പ്രകാരം നിരസിച്ചു. പോർക്കുളം എം.കെ.എം യു.പി.സ്കൂളി ലെ ഒരു നിയമനാർത്ഥി ശ്രീമതി പ്രീതി എം ചെറിയാൻ ഫയൽ ചെയ്ത **WP(C)12889/21**ന്മേലുള്ള വിധിന്യായം നടപ്പിലാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച **01/06/2022**ലെ ഇ3/7069/21/ഡി.പി.ഐ ഉത്തരവ് പ്രകാരം കോർപ്പറേറ്റ് മാനേജർ **2015-16** അധ്യയന വർഷത്തിൽ അഞ്ചാമത്തെ യു.പി.എസ്.എ തസ്തികയിൽ ശ്രീമതി . പ്രീതി എം ചെറിയാന്റെ നിയമനം **01/06/2015** മുതൽ ചട്ട പ്രകാരം ക്രമീകരണങ്ങൾ നടത്തിയും സംയോജിത സീനിയോറിറ്റി ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അംഗീകാരം ലഭ്യമാക്കി സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത നിയമനങ്ങൾ

നിലവിലുള്ള കെ.ഇ.ആർ ചട്ടങ്ങൾ ,സർക്കാർ നിർവഹണ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലും മറ്റു വിധത്തിൽ ക്രമപ്രകാരമാണ് എന്നുറപ്പ് വരുത്തിയും അംഗീകരിച്ചു നൽകുവാൻ കുന്ദംകുളം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിയും ഉത്തരവായിട്ടുള്ളതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ഉത്തരവ് എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനായി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളുടെ സംയോജിത സീനിയോറിറ്റി തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കുവാനും 01/06/2015 മുതൽ ചട്ട പ്രകാരം ക്രമീകരണങ്ങൾ നടത്തിയും ശ്രീമതി.പ്രീതി.എം.ചെറിയാന്റെ 01/06/2015 മുതലുള്ള നിയമനം അംഗീകാരത്തിനായി സമർപ്പിക്കുവാൻ കോർപ്പറേറ്റ് മാനേജർക്ക് ഈ കാര്യാലയത്തിലെ 13/06/21 തീയതിയിലെ ബി-1434/21 നമ്പർ കത്ത് പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. 06/06/22ലെ കോർപ്പറേറ്റ് മാനേജരുടെ CT 54(2)2021-22 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.പ്രീതി.എം.ചെറിയാനെ 01/06/2015 മുതൽ യു.പി.എസ്.ടി തസ്തികയിലുള്ള നിയമനം ക്രമീകരിച്ചു ഉത്തരവായിട്ടുണ്ടെങ്കിലും പൊതു വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച ലിസ്റ്റ് ലഭ്യമായാൽ മാത്രമേ ടി സ്കൂളിലെ നിയമനംഗീകാര നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിച്ചാൽ മാത്രമേ ശ്രീമതി.പ്രബിത ഒ.എസ്-ന്റെ നിയമനം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ .

6. സർക്കാർ ഇക്കാര്യം ഹിയറിംങ് സമയത്തെ വാദത്തിന്റെയും ഹാജരാക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും കേരള വിദ്യാഭ്യാസ നിയമങ്ങളുടെയും ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും കോടതിവിധികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളിലാണ് ഹർജിക്കാരിയായ ശ്രീമതി.പ്രബിത ഒ.എസ്.നെ പ്രധാനാദ്ധ്യാപകനായിരുന്ന ഫാദർ വർഗ്ഗീസ് കുത്തൂർ വിരമിച്ച ഒഴിവിൽ 01.06.2016 മുതൽ നിയമിച്ചത്. എന്നാൽ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ 51 എ അവകാശികളായ സീനിയർ അദ്ധ്യാപകരുടെ നിയമനം ഇതുവരെ അംഗീകരിച്ചിട്ടില്ല എന്ന കാരണത്താലാണ് ശ്രീമതി.പ്രബിത ഒ.എസ്-ന്റെ നിയമനം നിരസിച്ചത്. അതിൽ 01/06/2015 തീയതിയിൽ നിയമനം നൽകിയിട്ടുള്ള ശ്രീമതി.കെ.വി.മേഘ്നയുടെയും, ശ്രീമതി.പ്രീതി എം.ചെറിയാന്റെയും നിയമനം സംബന്ധിച്ച് 12.07.2022-ൽ തന്നെ അന്തിമവിധി ആയിട്ടുള്ളതാണ്. ശ്രീമതി. കുക്കു സി.രാജൻ, ശ്രീമതി.ലിജ സി.ജെ. എന്നിവരുടെ നിയമനം ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികകളിലാണ്. പ്രസ്തുത മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയത് തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായി ഹിയറിംഗ് സമയത്ത് അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല, 2016-17-ലെ തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം പ്രഥമാദ്ധ്യാപക തസ്തിക കൂടാതെ 8 ലോവർ പ്രൈമറി സ്കൂൾ

ടീച്ചർ, 5 അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികകളാണ് അനുവദിച്ചതായി കാണുന്നത്. എന്നാൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ആയിരുന്ന ശ്രീമതി.ഷീല.പി.എസ്.നെ പ്രഥമാദ്ധ്യാപിക ആയി 01.06.2016 മുതൽ നിയമിച്ചതിനാൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ ഒരു തസ്തിക കുറവ് വരേണ്ടതും ഒരു അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തിക അധികമായി അനുവദിക്കേണ്ടതുമാണ്. ആയത് കൂടി കണക്കിലെടുത്ത്, സ്കൂൾ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള ടി പൊതു സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച്, സീനിയർ അവകാശികളെ വ്യവസ്ഥാപിത ഒഴിവുകളിൽ ക്രമീകരിച്ചതിനുശേഷം ഹർജിക്കാരിയായ പാലക്കാട് ചാലിശ്ശേരി എസ്സ്.സി.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. പ്രബിത ഒ.എസ്.ന്റെ 01.06.2016 മുതൽക്കുള്ള നിയമനം വ്യവസ്ഥാപിത തസ്തിക ഉള്ള പക്ഷം, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, അംഗീകരിച്ച് നൽകുന്നതിന് കുന്ദംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ടിയാൾ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജികൾ(Ext.P22 & P23) തീർപ്പാക്കി അപ്രകാരം പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്, തൃശ്ശൂർ ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുന്ദംകുളം, തൃശ്ശൂർ ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.
പ്രഥമാദ്ധ്യാപകൻ, എസ്.സി.യു.പി. സ്കൂൾ, ചാലിശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എം.കെ.എം.യു.പി. സ്കൂൾ, പോർക്കുളം, തൃശ്ശൂർ ജില്ല.
കോർപ്പറേറ്റ് മാനേജർ, മലബാർ ഇൻഡിപ്പെൻഡൻഡ് സിറിയൻ ചർച്ച് കൗൺസിൽ തൊഴിയൂർ. പി.ഒ., തൃശ്ശൂർ-680520.
ശ്രീമതി. പ്രബിത ഒ.എസ്., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ, എസ്.സി.യു.പി. സ്കൂൾ, ചാലിശ്ശേരി, പാലക്കാട്.
ശ്രീമതി. ലിജ കെ.ജെ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ, എം.കെ.എം.യു.പി. സ്കൂൾ പൊർക്കുളം, തൃശ്ശൂർ-680542.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് ത്ത

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 10-02-2023 15:07:53
സെക്ഷൻ ഓഫീസർ